പാറശ്ശാല രൂപതയെ ദൈവം അത്ഭുതകരമായി പരിപാലിക്കുന്നു. വ്യക്തമായ ലക്ഷ്യബോധവും ത്യാഗസന്നദ്ധതയും സമർപ്പണ മനോഭാവവും കൈമുതലായുള്ള, പരസ്പരസ്നേഹത്തിൽ ബന്ധിതമായ നമ്മുടെ വൈദിക കൂട്ടായ്മ ഈ രൂപതയുടെ ചൈതന്യമാണ്. മിഷനുകളിൽ ത്യാഗപൂർവ്വം സമർപ്പിതരായ അനേകം സന്യസ്തരുടെ സാന്നിദ്ധ്യം, ഈ രൂപതയുടെ അനുഗ്രഹമാണ്. ഉദാത്തമായ സഭാസ്നേഹവും വിശ്വാസവും അനുദിനജീവിത പശ്ചാത്തലങ്ങളിൽ വിശ്വസ്തതയോടെ ജീവിക്കുന്ന നമ്മുടെ അത്മായ സഹോദരങ്ങൾ നമ്മുടെ ശക്തിയാണ്. വൈവിധ്യമാർന്ന കഴിവുകളുടെയും നന്മകളുടെയും വിളനിലമായ നമ്മുടെ യുവജനങ്ങൾ, കുഞ്ഞുങ്ങൾ നമ്മുടെ അഭിമാനമാണ്, പ്രതീക്ഷയാണ്. എല്ലാവരെയും പ്രതി നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം.

തുടർന്നും ഒരേ മനസ്സോടെ, ഒരേ സ്നേഹത്തിൽ ബന്ധിതരായി, ഒരു രൂപത എന്ന നിലയിൽ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്ന നിയോഗ നിർവ്വഹണത്തിനായി നമുക്ക് സമർപ്പിതരാകാം. പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ മദർ തെരേസയുടെയും സാക്ഷ്യവും മാദ്ധ്യസ്ഥവും തുടർന്നും നമ്മെ ശക്തിപ്പെടുത്തട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

+ Eusebius

**✠ തോമസ് മാർ യൗസേബിയോസ്**
**പാറശാല രൂപതാദ്ധ്യക്ഷൻ**

*N.B.: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



# THE SYRO- MALANKARA CATHOLIC CHURCH
## DIOCESE OF PARASSALA

**THOMAS MAR EUSEBIUS**
Bishop of Parassala

Catholic Bishop's House
Ayira P.O., Kudayal
Parassala - 695 502

No. PCL 1/2018 | 17 September 2018

## സർക്കുലർ

പ്രിയ ബഹു. വൈദികരേ, സന്യാസി സന്യാസിനികളേ, പ്രിയ വിശ്വാസികളേ,

പാറശ്ശാല രൂപത സ്ഥാപിതമായിട്ട് ദൈവപരിപാലനയുടെ ഒരു വർഷം പിന്നിട്ടു. 'ദൈവത്തിന്റെ നിസ്വരോ'ടുള്ള തന്റെ സവിശേഷമായ സ്നേഹത്തിന്റെയും കരുണയുടെയും അവാച്യമായ അനുഭവങ്ങളിലൂടെയാണ് ഒരു രൂപത എന്ന നിലയിൽ നാം കടന്നുപോകുന്നത്. സെപ്റ്റംബർ 5-ാം തീയതി, നമ്മുടെ രൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ മദർ തെരേസയുടെ തിരുനാൾ ദിവസം, നാം രൂപതാദിനമായി ആഘോഷിക്കുകയും നമ്മുടെ എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും സന്യസ്തരും വൈദികരും ഒന്നുചേർന്ന് കൃതജ്ഞതാബലി അർപ്പിക്കുകയും ചെയ്തു. രൂപതാദിനാഘോഷം, കൂടുതൽ ദൈവാശ്രയബോധത്തോടെ, ആത്മവിശ്വാസത്തോടെ, രൂപതയുടെ വിവിധ ശുശ്രൂഷകളിൽ സമർപ്പിതരാകുവാനുള്ള ഊർജ്ജം നമുക്ക് പ്രദാനം ചെയ്തു. ഈ കൂടിവരവ്, ആഴമാർന്ന വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രത്യാശയുടെയും അനുഭവമാക്കുവാൻ സഹായിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

രൂപതാ സ്ഥാപനത്തിന്റെ ഒരു ലക്ഷ്യമായ, കൂടുതൽ ഗൗരവവും തീവ്രതയുമുൾകൊള്ളുന്ന അജപാലനശുശ്രൂഷ, നമ്മുടെ ഇടവകകളിൽ ലഭ്യമാക്കുവാൻ നമുക്ക് സാധിച്ചു. തത്ഫലമായി ഇടവകകേന്ദ്രീകൃതമായ ഒരു ആത്മീയമുന്നേറ്റത്തിന് നാം സന്നദ്ധരായി. നമ്മുടെ ഇടവക ശുശ്രൂഷയിൽ ത്യാഗപൂർവ്വം സമർപ്പിതരായിരിക്കുന്ന എല്ലാ വൈദികരെയും സന്യസ്തരെയും അത്മായ നേതാക്കളെയും ഞാൻ അഭിനന്ദിക്കുന്നു.

വൈദികജീവിതത്തിലേയ്ക്കും സന്ന്യാസത്തിലേയ്ക്കുമുള്ള ദൈവവിളിയുടെ പ്രോത്സാഹനവും പരിപാലനവും സഭയുടെ അതീവ ഗൗരവമുള്ള ഒരു ഉത്തരവാദിത്തമാണ്. നമ്മുടെ രൂപതയ്ക്ക് പ്രേഷിത ചൈതന്യവും സമർപ്പണബോധവുമുള്ള ധാരാളം വൈദികരുടെയും സന്യസ്തരുടെയും ആവശ്യമുണ്ട്. വിശ്വാസ ചൈതന്യം നിറഞ്ഞു നില്ക്കുന്ന കുടുംബങ്ങളിലാണ് നല്ല വൈദികരും സന്യസ്തരും ജനിക്കുന്നത് എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. നമ്മുടെ കുടുംബങ്ങളും ഇടവകകളും ദൈവവിളിയെ പരിപോഷിപ്പിക്കുന്ന ഇടങ്ങളായി മാറണം. ദൈവത്തിന്റെ സ്നേഹപരിപാലനയിൽ, നമ്മുടെ രൂപതയ്ക്കുവേണ്ടി ഒരു മൈനർ സെമിനാരി ആരംഭിക്കുവാൻ നമുക്ക് സാധിച്ചു. ആദ്യ ബാച്ചിൽ, നമ്മുടെ ഇടവകകളിൽ നിന്നു തന്നെ സമർത്ഥരായ 15 വിദ്യാർത്ഥികളെ നമുക്ക് ലഭിക്കുകയും ചെയ്തു.

നമ്മുടെ രൂപതയുടെ മറ്റൊരു പ്രധാന ശുശ്രൂഷ, നമ്മുടെ കുട്ടികളുടെയും, യുവതീയുവാക്കളുടെയും മുതിർന്നവരുടെയും ശരിയായ വിശ്വാസ പരിശീലനമാണ്. രൂപതയിലെ എല്ലാ പ്രേഷിതസംഘങ്ങളും ഈയൊരു ശുശ്രൂഷാനിർവ്വഹണത്തിൽ സമർപ്പിതരാണ്. എന്നാൽ അതോടൊപ്പം നമ്മുടെ കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസ സാധ്യതകൾ സംലഭ്യമാക്കുക എന്നത് നമ്മുടെ പ്രത്യേക സാഹചര്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ഉത്തരവാദിത്തമാണ്. ഈ വിഷയത്തിലും നാം പൂർണ്ണമായും നിയോഗബദ്ധരാണ്. നമ്മുടെ രൂപതാപ്രദേശത്ത് സാധിക്കുന്ന സാദ്ധ്യതകൾ ഈ തലത്തിൽ സൃഷ്ടിച്ചുകൊണ്ട്, കാലികമായ ഒരു വിദ്യാഭ്യാസ മുന്നേറ്റം നാം വിഭാവനം ചെയ്യുന്നു. വലിയ സാമ്പത്തിക പരിമിതികളുടെ മദ്ധ്യേപോലും, വെങ്ങാനൂരിലെ ഹയർ സെക്കണ്ടറി സ്കൂൾ രൂപതയ്ക്കായി വാങ്ങുവാൻ നാം മുൻകൈ എടുത്തത്, ഈ ദൗത്യത്തിലുള്ള നമ്മുടെ ബോദ്ധ്യത്തിന്റെയും സമർപ്പണത്തിന്റെയും അടയാളമാണ്.

ഇത്തരുണത്തിൽ, നമ്മുടെ രൂപതയ്ക്കു ലഭിച്ച സാന്തോം എയ്ഡഡ് കോളേജ് ഒരു വലിയ ദൈവാനുഗ്രഹമായി നാം മനസ്സിലാക്കുന്നു. ഈ പ്രദേശത്തെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയിൽ, ദൈവപക്കൽ നിന്നുള്ള സമയോചിതമായ ഇടപെടലായി നാം ഇതിനെ കാണണം. ഇതിനായി ചെറുതും വലുതുമായ രീതിയിൽ സഹായിച്ച, ഈ കോളേജ് സാദ്ധ്യമാക്കിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. വളരെ പ്രത്യേകമായി ഈ കോളേജ് ഒരു യാഥാർത്ഥ്യമാക്കുന്നതിനായി വളരെ താല്പര്യത്തോടെ, നിഷ്ഠയോടെ ആദ്യാവസാനം



പ്രവർത്തിച്ച അഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടുള്ള ആത്മാർത്ഥമായ നന്ദി, രൂപതയുടെ പേരിൽ ഞാൻ പ്രകടിപ്പിക്കുന്നു.

സാന്തോം കോളേജ് നമുക്ക് വലിയൊരു സാദ്ധ്യതയാണ്, വെല്ലുവിളിയാണ്. അനേകം തലമുറകൾക്ക് ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന, മൂല്യബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ളവരായി അവരെ രൂപീകരിക്കുന്ന, അന്താരാഷ്ട്ര നിലവാരമുള്ള ഒരു കലാലയമായി ഈ സ്ഥാപനത്തെ വളർത്തുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. ഇത്തരുണത്തിൽ കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി ഔദാര്യപൂർവ്വം സൗജന്യമായി നല്കിയ നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന 'മിഷണറീസ് ഓഫ് യൂണിറ്റി' എന്ന പ്രേഷിത പ്രസ്ഥാനത്തോടുള്ള രൂപതയുടെ നന്ദി ഞാൻ പ്രകാശിപ്പിക്കുന്നു. കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (കെട്ടിടങ്ങൾ ഉൾപ്പെടെ) അടിയന്തിരമായി നാം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ശ്രമകരമായ ഈ ഉദ്യമത്തിൽ രൂപതയിലെ മുഴുവൻ അംഗങ്ങളുടെയും ഉദാരമായ സഹകരണവും സഹായവും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഈ സ്ഥാപനത്തിന്റെ വളർച്ച നമ്മുടെ കൂട്ടായ ഉത്തരവാദിത്തമായി മനസ്സിലാക്കി, നാമേവരുടെയും ത്യാഗഭരിതമായ സഹകരണം ഇതിൽ ഉറപ്പാക്കണം.

നമ്മുടെ നാടിനെ അതിദാരുണമായി ഗ്രസിച്ച മഹാപ്രളയ വേളയിൽ ക്രൈസ്തവോചിതമാം വിധം പ്രതികരിക്കുവാൻ നമുക്കു സാധിച്ചു. നമ്മുടെ രൂപതയിൽ നിന്ന്, വ്യക്തികളായും ഇടവകകളായും, രൂപതയിലെ വിവിധ പ്രേഷിതസംഘങ്ങളുടെ ആഭിമുഖ്യത്തിലും (എം.സി.വൈ.എം., സോഷ്യൽ സർവ്വീസ് വിഭാഗം മുതലായവ) ആവശ്യക്കാർക്ക് തക്കസമയത്ത് സഹായമെത്തിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുകയും അവരോടുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

സെപ്റ്റംബർ 5-ലെ രൂപതാദിനാഘോഷവേളയിൽ രൂപതയിലെ ജീവകാരുണ്യ പ്രവർത്തനങ്ങളെ സഹായിക്കുവാൻ നിങ്ങൾ ഔദാര്യപൂർവ്വം നല്കിയ സംഭാവനയ്ക്ക് ഞാൻ നിങ്ങളോട് വളരെയേറെ നന്ദിയുള്ളവനാണ്. ഈ വിഷയത്തിൽ വളരെ ആവേശകരമായ പ്രതികരണമാണ് നിങ്ങളിൽ നിന്നുണ്ടായത്. നമുക്ക് ചാരിറ്റി ഫണ്ടിലേക്ക് 12,35,757 രൂപാ സമാഹരിക്കുവാൻ സാധിച്ചു. നമ്മുടെ ഇല്ലായ്മയിൽ നിന്നും നല്കിയ ഈ സംഭാവന, നമ്മേക്കാൾ പരിമിതികൾ അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ജീവിതത്തെ അല്പമായെങ്കിലും ഉദ്ധരിക്കുവാൻ നമുക്ക് വിനിയോഗിക്കാം.